# തൗഹീദാകുന്ന പുണ്യം അതിമഹനീയം

**ഗ്രന്ഥകർത്താവ്:** **ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ**
**ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** **അബ്ദുൽ ജബ്ബാർ അബ്ദുല്ല**

عن عبد الله بن عمروﷺ قَالَ: أتى النبي ﷺ أعرابي عليه جبةٌ من طيالسة مكْفُوفَةٌ بِديباج أو مزرورةٌ بِديباج. فقَالَ: إن صاحبكُم هذا يريد أنْ يرفَع كُل راعٍ ابن راعٍ ، ويضع كُل فَارسٍ ابن فَارسٍ. فقَام النبي ﷺ مغضبا فَأخذَ بِمجامعِ جبته فَاجتذَبه. وقَالَ: لا أرى عليك ثياب من لا يعقلُ. ثُم رجع رسولُ الله ﷺ فَجلَس. فقَالَ: إن نوحا عليه السلام لما حضرته الْوفَاةُ دعا ابنيه. فقَالَ: إني قَاصر عليكُما الْوصيةَ ، آمركُما بِاثْنتينِ وأنهاكُما عن اثْنتينِ أنهاكُما عن الشرك والْكبرِ، وآمركُما بِلا إلَه إلا الله فَإن السموات والْأرض وما فيهما لو وضعت في كفة الْميزان ووضعت لا إلَه إلا الله في الْكفة الْأُخرى كانت أرجح ولو أن السموات والْأرض كانتا حلْقَةً فَوضعت لا إلَه إلا الله عليها لَفَصمتها أو لَقَصمتها وآمركُما بِسبحانَ الله وبِحمده فَإنها صلَاةُ كُل شيءٍ وبِها يرزق كُل شيءٍ.

അബ്ദുല്ലാഹ് ഇബ്നു അംറ് ﷺ വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു. നബി ﷺ യുടെ അടുക്കൽ ഒരു ഗ്രാമീണൻ വന്നു, അദ്ദേഹം ഒരു ത്വയ്ലസാൻ ജുബ്ബ ധരിച്ചിരുന്നു. അതിന്റെ കഫ്ഫുകളും ബട്ടണുകളും പട്ടുകൊണ്ടുള്ളതായിരുന്നു. അയാൾ പറഞ്ഞു: 'നിങ്ങളുടെ ഈ കൂട്ടുകാരൻ ഇടയ പുത്രന്മാരെയെല്ലാം ഉയർത്തുവാനും അശ്വഭടന്മാരെയെല്ലാം താഴ്ത്തുവാനും ഉദ്ദേശിക്കുന്നു.' അപ്പോൾ പ്രവാചകൻﷺ കോപാകുലനായി എഴുന്നേറ്റുകൊണ്ട് അയാളുടെ ജുബ്ബയുടെ മാറിൽ പിടിച്ചുവലിച്ചുകൊണ്ട് പറഞ്ഞു: 'ഗ്രാഹ്യശേഷിയില്ലാത്തവർ ധരിക്കുന്ന വസ്ത്രം ഞാൻ നിന്റെമേൽ കാണുന്നില്ല.' (എന്നാൽ വർത്തമാനം ബുദ്ധിയില്ലാത്തവരുടേതാണ്) പിന്നീട് അല്ലാഹുവിന്റെ റസൂൽﷺ തന്റെ ഇരിപ്പിടത്തിലേക്ക് മടങ്ങി അവിടെ ഇരുന്നു. ശേഷം പറഞ്ഞു 'നിശ്ചയം, നൂഹ് عليه السلام തന്റെ മരണം ആസന്നമായപ്പോൾ തന്റെ ഇരുമക്കളേയും വിളിച്ചുകൊണ്ട് പ റഞ്ഞു: ''വസ്വിയ്യത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങൾക്ക് കുറവ് വരുത്തിയവനാണ്. രണ്ടുകാര്യങ്ങൾ ഞാൻ നിങ്ങളോട് കൽപ്പിക്കുകയും രണ്ടുകാര്യങ്ങൾ നിങ്ങളോട് വിരോധിക്കുക യും ചെയ്യുന്നു, അല്ലാഹുവിൽ പങ്കുചേർക്കലും അഹങ്കാരവുമാണ് ഞാൻ നിങ്ങളോട് വിരോധിക്കുന്ന കാര്യങ്ങൾ, നിങ്ങളോട് കൽപ്പിക്കുന്ന കാര്യങ്ങൾ, ഒന്ന്: 'ലാ ഇലാഹ ഇല്ലല്ലാഹ് ' ആണ്. തീർച്ചയായും ആകാശഭൂമികളും അവയിലുള്ളതും തുലാസിന്റെ ഒരു തട്ടിലും 'ലാഇലാഹ ഇല്ലല്ലാഹ് ' മറ്റൊരു തട്ടിലും വെക്കപ്പെട്ടാൽ അത് (ലാഇലാഹ ഇല്ലല്ലാഹ്) കനം തൂങ്ങും, തീർച്ചയായും ആകാശഭൂമികൾ അവ രണ്ടും ഒരു വലയമാണെങ്കിൽ 'ലാ ഇലാഹ ഇല്ലല്ലാഹ് ' അതിന്മേൽ വെക്കപ്പെട്ടാൽ അത് അതിനെ മുറിച്ച് കളയും അല്ലെങ്കിൽ തകർത്ത് കളയും. നിങ്ങളോട് കാൽപ്പിക്കുന്ന മറ്റൊരു കാര്യം 'സുബ്ഹാനല്ലാഹി വബിഹംദിഹി' (എന്ന ദിക്റ്) ആണ്.

തീർച്ചയായും അത് എല്ലാ വസ്തുക്കളുടേയും പ്രാർത്ഥനയാണ്, അതുകൊണ്ട് എല്ലാ വസ്തുക്കൾക്കും ഉപജീവനം നൽകപ്പെടും'' (അഹ്മദ്:7101, ഹാകിം:1/41, 2/541)

عن أَبِي هريرةَ وأَبِي سعيدﷺ أنهما شهدا على رسول اللهﷺ قَالَ: إِذَا قَالَ الْعبد لَا إِلَه إِلَا الله والله أَكْبر. قَالَ: يقُولُ الله عز وجل صدق عبدي لَا إِلَه إِلَا أَنا وأَنا أَكْبر وإِذَا قَالَ: الْعبد لَا إِلَه إِلَا الله وحده قَالَ: صدق عبدي لَا إِلَه إِلَا أَنا وحدي وإِذَا قَالَ لَا إِلَه إِلَا الله لَا شرِيك لَه قَالَ: صدق عبدي لَا إِلَه إِلَا أَنا ولَا شرِيك لي وإِذَا قَالَ: لَا إِلَه إِلَا الله لَه الْملْك ولَه الْحمد قَالَ: صدق عبدي لَا إِلَه إِلَا أَنا لي الْملْك ولي الْحمد وإِذَا قَالَ لَا إِلَه إِلَا الله ولَا حولَ ولَا قُوةَ إِلَا بِالله قَالَ: صدق عبدي لَا إِلَه إِلَا أَنا ولَا حولَ ولَا قُوةَ إِلَا بِي وكَانَ يقُولُ: من قَالَها في مرضه ثُم مات لَم تطْعمه النار

അബൂഹുറയ്റ(റ) വിൽനിന്നും അബൂസഈദ്(റ) വിൽ നിന്നും നിവേദനം, അവർ രണ്ട് പേരും അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞതിന് സാക്ഷികളായി: 'ഒരു അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ' എന്നു പറഞ്ഞാൽ, അല്ലാഹു പറയും: എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല; ഞാൻ അക്ബർ (വലിയവൻ) ആകുന്നു. അടിമ 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു' എന്നു പറഞ്ഞാൽ, അല്ലാഹു പറയും: എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല; ഞാൻ ഏകനാണ്. അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു, ലാ ശരീക ലഹു' എന്നു പറഞ്ഞാൽ, അല്ലാഹു പറയും: എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല; എനിക്ക് യാതൊരു പങ്കുകാരും ഇല്ല. (അടിമ) 'ലാഇലാഹ ഇല്ലല്ലാഹു ലഹുൽമുൽകു വലഹുൽഹംദു' എന്നു പറഞ്ഞാൽ, അല്ലാഹു പറയും: എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല; എനിക്കുമാത്രമാണ് രാജാധിപത്യവും സർവ്വസ്ഥുതികളും. (അടിമ) 'ലാഇലാഹ ഇല്ലല്ലാഹു, വലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാബില്ലാഹ് ' എന്നു പറഞ്ഞാൽ, അല്ലാഹു പറയും: എന്റെ അടിമ സത്യം പറഞ്ഞു, ഞാനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല; ഒരു കഴിവും ചലനശക്തിയും എന്നെക്കൊണ്ടെല്ലാതെ ഇല്ല. അദ്ദേഹം പറയുമായിരുന്നു: ആരെങ്കിലും തന്റെ രോഗാവസ്ഥയിൽ ഇത് പറയുകയും പിന്നീട് മരണപ്പെടുകയും ചെയ്താൽ അയാളെ തീ തിന്നുകയില്ല.' (തിർമുദി, ഇബ്നുമാജഃ)

عن عبد الله بن عمروﷺ قَالَ: قَالَ رسولُ الله ﷺ يصاح بِرجلٍ من أُمتي علَى رءُوسِ الْخلَائقِ يوم الْقيامة فَينشر لَه تسعةٌ وتسعونَ سجِلًا كُل سجِلٍ مد الْبصرِ ثُم يقَالُ لَه: هلْ تنكر من هذَا شيئًا؟ فَيقُولُ: لَا يا رب. فَيقُولُ : ثُم يقُولُ أَلَك عذْر أَو حسنةٌ فَيهاب الرجلُ. فَيقُولُ لَا يا رب فَيقُولُ: بلَى إِن لَك عندنا حسنات وإِنه لَا ظُلْم علَيك الْيوم فَتخرج لَه بِطَاقَةٌ فيها أَشهد أَنْ لَا إِلَه إِلَا الله وأَن محمدا عبده ورسولُه. قَالَ: فَيقُولُ: يا رب ما هذه الْبِطَاقَةُ مع هذه السجِلَات؟ فَيقُولُ: إِنك لَا تظْلَم فَتوضع السجِلَات في كفة والْبِطَاقَةُ في كفة فَطَاشت السجِلَات وثَقُلَت الْبِطَاقَةُ

അബ്ദുല്ലാഹ് ഇബ്നു അംറ് (റ) വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: 'ക്വിയാമത്ത് നാളിൽ എന്റെ ഉമ്മത്തിൽപ്പെട്ട ഒരു മനുഷ്യൻ ജനസമക്ഷം ഉച്ചത്തിൽ വിളിക്കപ്പെടും. എന്നിട്ട് അവന് തൊണ്ണൂറ്റൊമ്പത് (തിന്മകളുടെ) ഏടുകൾ നിവർത്തും. ഓരോ ഏടും ദൃഷ്ടി എത്തുന്നത് വരെ നീളമുള്ളതായിരിക്കും. പിന്നെ അവൻ ചോദിക്കപ്പെടും: 'ഇതിൽ നിന്ന് വല്ലതും നീ നിഷേധിക്കുന്നുവോ'? അപ്പോൾ അവൻ പറയും: രക്ഷിതാവേ ഇല്ല. അപ്പോൾ (അല്ലാഹു) ചോദിക്കും, നിനക്ക് (ഈ തെറ്റുകൾക്ക്) വല്ല ഒഴിവു കഴിവും ഉണ്ടോ

അല്ലെങ്കിൽ (നീ ചെയ്ത) വല്ല നന്മയും ഉണ്ടാ? അപ്പോൾ ആ മനുഷ്യൻ ഭയക്കും. എന്നിട്ട് പറയും: ഇല്ല. അപ്പോൾ (അല്ലാഹു) പറയും: ഉണ്ട്, നിനക്ക് എന്റെ അടുക്കൽ ചില നന്മകൾ ഉണ്ട്. തീർച്ചയായും ഇന്ന് നിന്റെമേൽ ഒരു അക്രമവുമില്ല. പിന്നീട് അവനുവേണ്ടി ഒരു കാർഡ് പുറത്തെടുക്കപ്പെടും. അതിൽ 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' എന്ന് (എഴുതിയിട്ടു)ണ്ടായിരിക്കും. അപ്പോൾ അവൻ ചോദിക്കും: എന്റെ നാഥാ, (തിന്മയുടെ) ഈ ഏടുകളുടെ കൂടെ ഈ കാർഡ് എന്ത് ഉപകരിക്കുവാനാണ്? അപ്പോൾ പറയപ്പെടും: തീർച്ചയായും നീ അക്രമിക്കപ്പെടുകയില്ല, (തുലാസിന്റെ) ഒരു തട്ടിൽ (തിന്മയുടെ) എടുകളും മറുതട്ടിൽ കാർഡും വെക്കപ്പെടും. അപ്പോൾ ഏടുകൾ കനം തൂങ്ങാതെ പാറിപ്പോകും. കാർഡ് കനം തൂങ്ങുകയും ചെയ്യും.' (തുർമുദി, ഇബ്നുമാജഃ, ഇബ്നു ഹിബ്ബാൻ)

عن معاذ بن جبلٍ ﷺ قَالَ قَالَ رسولُ الله ﷺمن كَانَ آخر كَلَامه لَا إِلَه إِلَا الله دخلَ الْجنةَ

മുആദ് ഇബ്നു ജബൽ ﷺ വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: 'ഒരാൾ, അവന്റെ അവസാനത്തെ സംസാരം 'ലാ ഇലാഹ ഇല്ലല്ലാഹ് ' ആണെങ്കിൽ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു.'

(അഹ്മദ്: 22034, 22127, അബൂദാവൂദ്: 3116)

عن طَلْحةَ بن عبيد الله ﷺ قَالَ: سمعت رسولَ اللهِ ﷺ يقُولُ: إني لَأَعلَم كَلمةً لَا يقُولُها عبد عند موته إلا أشرق لَها لَونه ونفس الله عنه كُربته

ത്വൽഹത്ത് ഇബ്നു ഉബൈദില്ലാഹ് ﷺ വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: റസൂൽﷺ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്: 'നിശ്ചയം, ഒരു വചനം എനിക്കറിയാം. ഏതൊരു ദാസനാണോ തന്റെ മരണ സമയത്ത് അത് ചൊല്ലുന്നത് അതിനാൽ അയാളുടെ വർണ്ണം പ്രശോഭിതമാകും. അല്ലാഹു അവന്റെ പ്രയാസങ്ങൾ എളുപ്പമാക്കിക്കൊടുക്കുകയും ചെയ്യും, തീർച്ച' (അഹ്മദ്: 1384)

عن جابِرِ بنِ عبد الله ﷺ قَالَ: سمعت رسولَ الله ﷺ يقُولُ: أَفْضلُ الذكْرِ لَا إِلَه إِلا الله وأَفْضلُ الدعاءِ الْحمد لله

ജാബിർ ﷺ വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: 'ഏറ്റവും ശ്രേഷ്ഠമായ ദിക്ർ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതാണ് ഏറ്റവും നല്ല പ്രാർത്ഥന അൽഹംദുലില്ലാഹ് എന്നതുമാണ്' (തിർമുദി: 3383, ഇബ്നു മാജഃ 3800)